കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

151(3583) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങൾക്ക് 15 കോടിയോളം രൂപ കുടിശ്ശികയായി നൽകാനുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാന്റെക്സ് കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും തുണി സംഭരിച്ച വകയിൽ 15 കോടിയോളം രൂപ കുടിശ്ശികയുണ്ട്. 2018-ലും 2019-ലും ഉണ്ടായ പ്രളയവും തുടർന്നുണ്ടായ കോവിഡ്-19 മഹാമാരിയുംമൂലം ഹാന്റെക്സിന്റെ വിൽപ്പനയിൽ 50% ത്തോളം കുറവ് സംഭവിച്ചിട്ടുണ്ട്. വരും സീസണുകളിൽ വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെ കുടിശ്ശിക ക്രമേണ കുറച്ച് കൊണ്ടുവരാൻ സാധിക്കും.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി

152(3584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ദേശീയ ഹൈവേ 66-നോട് ചേർന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര ഏക്കർ സ്ഥലമുണ്ട്?

കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഉദുമ ടെക്സ്റ്റൈൽ മിൽസിന്റെ കൈവശം 23.83 ഏക്കർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലം വർഷങ്ങളായി ഉപയോഗിക്കാതെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്പിന്നിംഗ് മിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly